ഉത്തരം

(എ & ബി) നീണ്ടകര, ബേപ്പൂർ എന്നീ മത്സ്യ ബന്ധന തുറമുഖങ്ങളുടെ പുനരുദ്ധാരണത്തിന് നടപ്പു സാമ്പത്തിക വർഷം നടപടി ആരംഭിക്കുന്നതാണ്.

ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സഹായം

14 (1921) ശ്രീ. കെ. ബാബു :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകി വരുന്നു ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അല്ലാത്ത ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട് ?

ഉത്തരം

(എ) മത്സ്യഫെഡുവഴി മത്സ്യബന്ധന ഉപകരണങ്ങൾ നല്കിവരുന്നു. മത്സ്യത്തൊഴിലാളിക്ഷേമ നിധി ബോർഡ് മുഖേന അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് താഴെ പറയുന്ന ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി
2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ മരണം ഉണ്ടാകുന്നവരുടെ ആശ്രിതർക്ക് ധനസഹായം.
3. വിവാഹ ധനസഹായം.
4. ആശ്രിതരുടെ മരണാനന്തര ചിലവുകൾക്ക് ധനസഹായം.
5. വാർദ്ധക്യകാല പെൻഷൻ
6. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായം
7. മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം
8. എസ്. എസ്. എൽ. സി. വിജയിച്ച വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡും തുടർ വിദ്യാഭ്യാസത്തിന് ധനസഹായവും
9. കുടുംബ സംവിധാന പദ്ധതി.
10. മാരക രോഗ ചികിത്സാ പദ്ധതി.
11. സാനിട്ടേഷൻ പദ്ധതി.
12. ചെയർമാൻസ് റിലീഫ് ഫണ്ട്
13. നേത്രജ്യോതി.
14. മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡിന്റെ പ്രത്യേക ധനസഹായം
15. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അല്ലാത്ത ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക്, മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന എല്ലാ സഹായങ്ങളും നൽകുന്നുണ്ട്.

മത്സ്യ മാവേലി സ്റ്റോറുകൾ

15 (1922) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം. കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള മത്സ്യ മാവേലി സ്റ്റോറുകളുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയിലൂടെ എന്തെല്ലാം സാധനങ്ങളാണ് ലഭ്യമാക്കുന്നത് ;

(സി) അവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ആലോചനയുണ്ടോ ; എങ്കിൽ ഇതിന്റെ പ്രവർത്തനം എപ്പോൾ തുടങ്ങും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 9.

(ബി) അരി, പയർ വർഗ്ഗങ്ങൾ, പലവ്യഞ്ജനങ്ങൾ, മറ്റ് അവശ്യ സാധനങ്ങൾ എന്നിവ.

(സി) പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടികൾ എടുത്തുകഴിഞ്ഞു.

വ്യാസാ സ്റ്റോറുകൾ

16 (1923) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാസാ സ്റ്റോറുകൾ വഴി എന്തെല്ലാം സാധനങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നത് ;

(ബി) ഈ സാധനങ്ങൾക്ക് പൊതുമാർക്കറ്റിൽ നിലവിലുള്ള വിലയും വ്യാസാ സ്റ്റോറിലെ വിലയും എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) വ്യാസാ സ്റ്റോറിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly